ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ

KERALA STATE ELECTRICITY REGULATORY COMMISSION
00255 1
THIRUVANANTHAPURAM
12/02/16.

ഷിബു.കെ.എസ്.
കൊല്ലാറ വീട്
കാഞ്ഞാണി പി.ഒ
തൃശ്ശൂർ, 680 612

പരാതിക്കാരൻ

1. ചെയർമാൻ & മാനേജിംങ്ങ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതി ഭവൻ, പട്ടം, തിരുവനന്തപുരം

2. സെക്രട്ടറി (ഭരണം)
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതി ഭവൻ, പട്ടം, തിരുവനന്തപുരം

3. ചീഫ്. എഞ്ചിനീയർ (എച്ച്.ആർ.എം)
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതി ഭവൻ, പട്ടം, തിരുവനന്തപുരം

എതിർകക്ഷികൾ

| KSERC | |
|---|---|
| Chairman | |
| Member (E) | |
| Member (F) | |
| Secretary | |
| Date: Com Ex | |

15/2/2016

കേരളത്തിലെ ഏറ്റവും വലിയ വൈദ്യുത ഉദ്പാദന പ്രസരണ വിതരണ ലൈസൻസിയായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നടക്കുന്ന നഗ്നമായ നിയമലംഘനം ചൂണ്ടിക്കാണിക്കുന്നതിനും ബഹു. കമ്മീഷന്റെ അടിയന്തിര ഇട പെടലിനും വേണ്ടിയാണ് ഈ പരാതി. ഒരു വൈദ്യുത ഉൽപാദന പ്രസരണ വിത രണ ലൈസൻസി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകി കൊണ്ട് വൈദ്യുതി വിതരണം നടത്താൻ ബാദ്ധ്യസ്ഥരാണ്. ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 14 പ്രകാരം ലൈസൻസ് ലഭിച്ച ലൈസൻസിയായ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 177 പ്രകാരം Central Electricity Authority പുറപ്പെടുവിച്ച Central Electricity Authority (Measures Relating to

Safety and Electric Supply) Regulation 2010 അനുസരിക്കാൻ ബോർഡിന് ഉത്തരവാദിത്വമുണ്ട്. ടി റെഗുലേഷനിലെ സെക്ഷൻ 6, 7 എന്നിവ പ്രകാരം ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ, വിഭാഗങ്ങളിൽ സൂപ്പർവൈസർ, എഞ്ചിനീയർ എന്നിവരായി നിയമിക്കപ്പെടുന്നവർക്ക് ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിച്ച എഞ്ചിനീയറിംഗ് ഡിപ്ലോമ അല്ലെങ്കിൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. എന്നാൽ ടി റഗുലേഷൻ നിലവിൽ വന്ന് അഞ്ച് വർഷം കഴിഞ്ഞിട്ടും നാളിതുവരെ ബോർഡ് ആയത് നടപ്പിലാക്കാൻ തുനിഞ്ഞിട്ടില്ല.

മാത്രമല്ല ലോ ടെൻഷൻ വൈദ്യുത വിതരണ ശൃംഖലക്ക് മേൽനോട്ടം വഹിക്കുന്നതിന് ബോർഡിൽ കേവലം 8 ക്ലാസ്സ് ജയിച്ചവരും പത്താം ക്ലാസ്സ് പാസ്സാകാത്തവരുമായ ജീവനക്കാരെയാണ് ഓവർസീയർ തസ്തികയിൽ ഉൾപ്പെടെ വിന്യസിച്ചിരിക്കുന്നത്. വൈദ്യുതി ബോർഡ് യോഗ്യരായ ജീവനക്കാരെ മേൽനോട്ടത്തിന് നിയോഗിക്കാത്തതിനാൽ പ്രതിവർഷം 500-ൽപ്പരം അപകടമരണങ്ങളും ആയിരക്കണക്കിന് അപകടങ്ങളും പൊതുജനങ്ങൾക്ക് നേരിടേണ്ടിവരുന്നു.

രാജ്യത്ത് നിലവിലുള്ള നിയമങ്ങൾക്കനുസരിച്ചായിരിക്കണം ഓരോ തസ്തികയിലേയും യോഗ്യത നിശ്ചയിക്കേണ്ടത് CEA Regulation 2010 ഒരു ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ, ട്രേഡിംഗ് ലൈസൻസി എന്ന നിയിൽ കെ.എസ്. ഇ.ബി. നിർബന്ധമായും പാലിക്കേണ്ട ഒന്നാണ്. റൂളുകൾ ഉണ്ടാക്കാൻ കെ.എസ്. ഇ.ബി. ലിമിറ്റഡിന് അധികാരമുണ്ട്. പക്ഷേ രാജ്യത്ത് നിലവിലുള്ള നിയമങ്ങളനുസരിച്ചും അതിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടും മാത്രമേ ഉണ്ടാക്കുവാൻ പാടുകയുള്ളൂ

''നിലവിലുള്ള നിയമ വിരുദ്ധമായ റൂളുകൾ പ്രകാരം മാത്രമേ പ്രവൃത്തിക്കൂ'' എന്ന നിലപാട് സ്വീകരിച്ച് റുളുകളിൽ യഥാസമയം മാറ്റം വരുത്താതെ ബോർഡ് പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഉണ്ടാക്കുന്ന നഷ്ടം അപരിഹാര്യമാണ്. ആയതിനാൽ ഇന്ത്യയിലെ മറ്റ് വൈദ്യുത ലൈസൻസികൾക്ക് ഉൾപ്പെടെ ബാധകമാ

യുള്ള Central Electricity Authority (Measures Relating to Safety and Electric Supply) Regulation 2010 നിലവിൽ വന്ന് അഞ്ച് വർഷത്തിലധികമായിട്ടും ബോർഡ് ആയത് നടപ്പിലാക്കാത്ത വിഷയത്തിൽ ബഹു. കമ്മീഷൻ ഇടപെടണമെന്നും, കമ്മീഷനിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച്

1. എതിർകക്ഷികൾ നോട്ടീസ് അയക്കണമെന്നും
2. അനിവാര്യമെങ്കിൽ ബന്ധപ്പെട്ട രേഖകൾ വിളിച്ചു വരുത്തി പരിശോധിക്കണമെന്നും
3. ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്റ്റ് സെക്ഷൻ 142 പ്രകാരം കമ്മീഷന് യുക്തമായ നടപടികൾ കൈക്കൊള്ളണമെന്നും അപേക്ഷിക്കുന്നു.

മേൽപറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പൂർണ്ണമായും ശരിയെന്ന് സാക്ഷ്യപ്പെടുത്തുന്നു.

2016 ഫെബ്രുവരി ൧ -ാം തിയ്യതി

Shibu

ഷിബു കെ.എസ്